# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.333

## 11-05-2017 ൽ മറുപടിക്ക്

## രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ്

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ.എം. ഷാജി<br>ശ്രീ. പി.കെ. അബ്ദു റബ്ബ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;<br><br>(ബി) കിഫ്ബി മുഖേനയല്ലാതെ മാന്ദ്യവിരുദ്ധ പാക്കേജിൽ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; അവയുടെ വിശദവിവരം ലഭ്യമാക്കുമോ; | 2016-17 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ മുരടിച്ചുകൊണ്ടിരിക്കുന്ന കേരള സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുവാനും, പാവങ്ങളെ സംരക്ഷിച്ചുകൊണ്ടുതന്നെ ദ്രുതഗതിയിലുള്ള സമ്പത്തിക വളർച്ച ഉറപ്പുവരുത്തുവാനും 12000 കോടി രൂപയുടെ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജിൽ വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പാർക്കുകൾ തുടങ്ങിയ പദ്ധതികളും 8000 കോടി രൂപയുടെ ഭൂമി ഏറ്റെടുക്കലും ഉൾപ്പെടുന്നു. ആകെ 20,000 കോടി രൂപ ആവശ്യമായ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിലുൾപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പണം ബഡ്ജറ്റിനു പുറമെ നിന്നും കണ്ടെത്തി ലക്ഷ്യം കൈവരിക്കുന്നതിനായാണ് 1999 ലെ കിഫ് ആക്ട് പ്രകാരം നിലവിൽ വന്ന കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ 2016 ൽ ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം സജ്ജമാക്കിയിട്ടുള്ളത്. 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിലുൾപ്പെട്ട പദ്ധതികൾ കിഫ്ബി ധനസഹായം |

| | |
|---|---|
| | മുഖേന നടപ്പിലാക്കുന്നതിനായാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക മേഖലയുടെ മാത്രം വികസനം ഉദ്ദേശിച്ച കൊണ്ടല്ല, മറിച്ച് ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, വൈദ്യുതി വിതരണം, പൊതുമരാമത്ത്, കുടിവെള്ള വിതരണം മുതലായ സാമൂഹിക മേഖലകളുൾപ്പെടെ സംസ്ഥാനത്തെ മിക്കവാറും എല്ലാ മേഖലകളിലുമുള്ള സമഗ്രമായ വികസനമാണ് രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജ് ലക്ഷ്യമിടുന്നത്. |
| (സി) ഇതിന്റെ ഫലമായി സാമ്പത്തിക മേഖലയിൽ എന്തെല്ലാം ചലനം ഉണ്ടാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; അത് എന്നു മുതൽ പ്രകടമാകുമെന്ന് വിശദമാക്കുമോ? | 1999 ലെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ട് പ്രകാരം നിലവിൽ വന്ന കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ സെബിയും ആർ.ബി.ഐ യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ മാർഗങ്ങൾ പ്രയോജനപ്പെടുത്തി ബഡ്ജറ്റിനു പുറമെ നിന്നും ഫണ്ട് കണ്ടെത്തി സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കാനുതകുന്ന രീതിയിൽ ഭേദഗതി ചെയ്ത കിഫ് ആക്ടിലൂടെ സജ്ജമാക്കിയിട്ടുണ്ട്. വാർഷിക ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും കിഫ്ബി ധനസഹായം മുഖേന നടപ്പിലാക്കുന്നതിനായി സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികളുമാണ് നിലവിൽ കിഫ്ബി വഴി നടപ്പിലാക്കി വരുന്നത്. ഇതുപ്രകാരം കിഫ് ബോർഡിന്റെ 27 ാമത് ബോർഡ് യോഗം 4004.86 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾ അംഗീകരിക്കുകയും, 28 ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. വൻകിട പദ്ധതികളുൾപ്പെടുന്ന സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ട് ബഡ്ജറ്റിലൂടെ മാത്രം ലഭ്യമാക്കുക എന്നത് ഒരു |

| | |
|---|---|
| | വെല്ലുവിളിയാണ്. ബഡ്ജറ്റിനു പുറമേ നിന്നും വിവിധ ധനാഗമ മാർഗ്ഗങ്ങളിലൂടെ കിഫ്ബി സ്വരൂപിക്കുന്ന പണം കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് വൻതോതിൽ നിക്ഷേപം നടത്തുന്നതു വഴി വിവിധ മേഖലകൾ ശക്തിപ്പെടുകയും അതുവഴി സമഗ്ര പുരോഗതി കൈവരിക്കാൻ സാധിക്കുകയും ചെയ്യുന്നതാണ്. ഇതിന്റെ ഫലമായി സംസ്ഥാനത്തെ സാമ്പത്തിക മേഖലയിലും വർദ്ധിച്ച ഉണർവ്വുണ്ടാകുകയും അതുവഴി സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുമെന്നുമാണ് പ്രതീക്ഷ. രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുള്ള ഈ സാഹചര്യത്തിൽ പ്രകടമായ പുരോഗതി സമീപഭാവിയിൽ തന്നെ കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**